# എൻ.എസ്.എസ്. ബഡ്ജറ്റ് സമ്മേളനം
## 2023 ജൂൺ 23-ന്

നായർ സർവീസ് സൊസൈറ്റിയുടെ 2023-2024 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നതിനുള്ള പൊതുയോഗം 2023 ജൂൺ 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 ന് എൻ.എസ്.എസ്. പ്രതിനിധിസഭാമന്ദിരത്തിൽ വെച്ച് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്.

നായർ സർവീസ് സൊസൈറ്റിയുടെ 109-ാമത്തെ ബഡ്ജറ്റ് സമ്മേളനമാണ് അന്ന് നടക്കാൻപോകുന്നത്. 2022-23-ലെ ഭരണറിപ്പോർട്ടും, 2023-24 ലെ ബഡ്ജറ്റും ജനറൽ സെക്രട്ടറി സഭയിൽ അവതരിപ്പിക്കുന്നതാണ്.

സമുദായാചാര്യന്റെ അന്ത്യവിശ്രമസങ്കേതത്തിൽ പുഷ്പാർച്ചനയ്ക്കുശേഷം സഭാനടപടികൾ ആരംഭിക്കും.

അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തൽ, ഈശ്വരപ്രാർത്ഥന, ആചാര്യാനുസ്മരണം എന്നിവയ്ക്കു ശേഷം പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടക്കുന്നതാണ്.

മുൻകൂട്ടി ലഭിച്ച ചോദ്യങ്ങൾക്ക് മറുപടി നല്കുന്നതാണ്. ചോദ്യങ്ങൾ, പ്രമേയങ്ങൾ, ഉപക്ഷേപങ്ങൾ മുതലായവ അയക്കുവാൻ ആഗ്രഹിക്കുന്നവർ അവ ജൂൺ 15-ാം തീയതിക്കകം എൻ.എസ്.എസ്. ഹെഡ് ആഫീസിൽ ലഭിക്കത്തക്കവണ്ണം അയച്ചുതരേണ്ടതാണ് എന്ന് എല്ലാ അംഗങ്ങളെയും അറിയിച്ചിരുന്നു. 2022-23-ലെ ഭരണറിപ്പോർട്ടും, 2023-24 ലെ ബഡ്ജറ്റും മുൻകൂട്ടിത്തന്നെ അയച്ചുകൊടുത്തിരുന്നതുമാണ്.

ചോദ്യോത്തരങ്ങൾക്കു ശേഷമാണ് ജനറൽ സെക്രട്ടറി ബഡ്ജറ്റ് അവതരിപ്പിക്കുന്നത്.

അടുത്തത് നായകസഭയിൽ ഒഴിവുള്ള ഒൻപത് സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പാണ്. പിന്നീട് ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കും.

ബഡ്ജറ്റ് പൊതുവിമർശനത്തിനുശേഷം ധനാഭ്യർത്ഥനകളും ഉപക്ഷേപങ്ങളും പരിഗണിക്കുന്നതായിരിക്കും.